**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 414** **14-03-2023 - ൽ മറുപടിയ്ക്ക്**

**വിനോദസഞ്ചാര കേന്ദ്രങ്ങളെ ലോക നിലവാരത്തിലേക്ക് ഉയർത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കാനത്തിൽ ജമീല,<br>ശ്രീ. കെ. ബാബു (നെന്മാറ),<br>ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ,<br>ശ്രീ. എം.വിജിൻ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ വിനോദസഞ്ചാര കേന്ദ്രങ്ങളെ ലോക നിലവാരത്തിലേക്ക് ഉയർത്തുന്നതിന് നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ; | (എ) | സംസ്ഥാനത്തെ തെരഞ്ഞെടുത്ത വിനോദസഞ്ചാര കേന്ദ്രങ്ങളെ എക്സ്പീരിയൻഷ്യൽ വിനോദ സഞ്ചാര കേന്ദ്രങ്ങളായി മാറ്റുന്നതിനും അത്തരം കേന്ദ്രങ്ങളെ ലോകോത്തര ടൂറിസം കേന്ദ്രങ്ങളായി വികസിപ്പിക്കുന്നതിനും വകുപ്പ് നടപടികൾ സ്വീകരിച്ചു വരുന്നു .<br><br>കേരളത്തിലെ ടൂറിസം ഡെസ്റ്റിനേഷനുകളുടെ നിലവാരം വർധിപ്പിക്കുന്നതിനുള്ള പ്രത്യേക പദ്ധതി നടപ്പിലാക്കുന്നുണ്ട് . ഇതിന്റെ ഭാഗമായി കോവളം ഡെസ്റ്റിനേഷൻ വികസനത്തിന് പ്രത്യേക പദ്ധതിയ്ക്ക് അംഗീകാരം നൽകിയിട്ടുണ്ട് . മറ്റു ഡെസ്റ്റിനേഷനുകളും ലോകോത്തര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുള്ള പദ്ധതി നടപ്പാക്കുന്നതാണ് . കേരളത്തിന്റെ സമഗ്ര ടൂറിസം വികസനം സാധ്യമാക്കാൻ ടൂറിസം ഇടനാഴികൾ കണ്ടെത്തി വികസിപ്പിക്കുന്ന പ്രത്യേക പദ്ധതി ബജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട് . ഇതിനുള്ള പദ്ധതി തയ്യാറാക്കുന്നതിനും വകുപ്പ് ലക്ഷ്യമിടുന്നു . ഉത്തരവാദിത്ത ടൂറിസത്തിന്റെ ഭാഗമായി പ്രാദേശിക ടൂറിസം കേന്ദ്രങ്ങൾ വികസിപ്പിക്കുകയും അവ അനുഭവേദ്യ ടൂറിസം കേന്ദ്രങ്ങളാക്കി മാറ്റുകയും ചെയ്യുന്നു. കേരളത്തിൽ പുതിയ ടൂറിസം സംസ്കാരം വളർത്തി എടുക്കാൻ ഈ പദ്ധതികളിലൂടെ സാധിക്കും.<br><br>മെച്ചപ്പെട്ട അടിസ്ഥാന സൗകര്യ വികസനം ഒരുക്കുന്നതിന്റെ ഭാഗമായി ലോകോത്തര നിലവാരത്തിലുള്ള ടോയിലെറ്റ് ബ്ലോക്കുകളുടെ നിർമ്മാണം വകുപ്പ് നടപ്പിലാക്കി വരുന്നു . ഇതു പ്രകാരം ബേക്കൽ , കാരാപ്പുഴ, പൂക്കോട് , കോഴിക്കോട് ഭട്ട് റോഡ് , എന്നീ 4 കേന്ദ്രങ്ങളിൽ |

| | | | |
|---|---|---|---|
| | | | ഈ പദ്ധതി പൂർത്തീകരിച്ചു കഴിഞ്ഞു. വർക്കലയിലെ പദ്ധതി പൂർത്തീകരണ ഘട്ടത്തിലാണ് . ഇതിനുപുറമേ ശംഖുമുഖം, കൊല്ലം, മലമ്പുഴ, ആലപ്പുഴ എന്നിവിടങ്ങളിൽ ഉടൻ ഈ പദ്ധതി ആരംഭിക്കുന്നതാണ് .<br><br>കേരളത്തിലെ ആദ്യത്തെ കാരവൻ പാർക്ക് വാഗമണിൽ ആരംഭിച്ചു. കേരളത്തിൽ അറിയപ്പെടാതെ കിടക്കുന്നതും എന്നാൽ ടൂറിസം വികസനം സാധ്യമാകാത്ത ഡെസ്റ്റിനേഷനുകളിൽ എത്തിച്ചേരാനും അവിടുത്തെ പ്രകൃതി ഭംഗി ആസ്വദിക്കാനും കാരവൻ ടൂറിസം മുഖേന സാധ്യമാകുന്നതാണ് .<br><br>വിദേശ, ആഭ്യന്തര വിനോദ സഞ്ചാരികൾക്കായി നൈറ്റ് ലൈഫ് ടൂറിസം ആരംഭിക്കുന്നതിന്റ ഭാഗമായി തിരുവനന്തപുരം കനകക്കുന്ന് കൊട്ടാര വളപ്പിൽ രാത്രികാല ടൂറിസം പദ്ധതി നടപ്പിലാക്കുന്നതിനും ലാന്റ് സ്കേപ്പിംഗ് പ്രവൃത്തികൾ ചെയ്യുന്നതിനുമായി 2.63 കോടി രൂപയുടെ പ്രവൃത്തികൾ ആരംഭിച്ചു കഴിഞ്ഞു. കൂടാതെ ട്രാവൻകൂർ ഹെറിറ്റേജ് പ്രോജക്ട് എന്ന പദ്ധതിയുടെ ആദ്യഘട്ടമായി നൈറ്റ് ലൈഫ് ടൂറിസം പ്രോത്സാഹിപ്പിക്കുവാൻ ഉതകുംവിധം 30 കെട്ടിടങ്ങളുടെ ഇല്യൂമിനേഷൻ പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു.<br><br>വിദേശ – ആഭ്യന്തര സഞ്ചാരികൾ വിനോദസഞ്ചാര കേന്ദ്രങ്ങൾ സന്ദർശിക്കുന്ന വേളയിൽ തങ്ങളുടെ തൊഴിൽ ചുമതലകൾ ഓൺലൈനായി നിർവ്വഹിക്കാൻ വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ സജ്ജമാക്കുന്ന വർക്ക് ഫ്രം ഹോളിഡേ ഹോം എന്ന പദ്ധതിയും വകുപ്പിന്റെ പരിഗണനയിൽ ആണ്. |
| (ബി) | വിനോദസഞ്ചാരികൾ ചൂഷണം ചെയ്യപ്പെടുന്നില്ലെന്ന് ഉറപ്പ് വരുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | സഞ്ചാരികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനും പരാതികൾ സ്വീകരിക്കുന്നതിനും പ്രധാന ടൂറിസം കേന്ദ്രങ്ങളിൽ ടൂറിസം പോലീസിന്റെ സേവനം ലഭ്യമാക്കിയിട്ടുണ്ട് . ആതിഥ്യമര്യാദയും അർപ്പണ ബോധത്തോടുകൂടിയ സേവനവും നല്ലപെരുമാറ്റവും വിനോദസഞ്ചാരികൾക്ക് പ്രദാനം ചെയ്യുന്നതിന് ആവശ്യമായ ബോധവത്കരണ ക്യാമ്പയിനുകൾ 'ഗ്രീൻ കാർപ്പറ്റ്' പദ്ധതിയിൽ ഉൾപ്പെടുത്തി വകുപ്പ് നടപ്പിലാക്കിയിരുന്നു . ടൂറിസം പോലീസ് , ലൈഫ് ഗാർഡ് , ഡി .ടി .പി.സി ജീവനക്കാർ എന്നിവർക്ക് ഈ രംഗത്ത് പരിശീലനം നൽകിയിട്ടുണ്ട് . വിനോദസഞ്ചാര കേന്ദ്രങ്ങളുടെ ഗുണ നിലവാരം അളക്കുന്നതിനായി വിനോദസഞ്ചാരികളിൽ നിന്നും |

| | | | |
|---|---|---|---|
| | | | അഭിപ്രായം രേഖപ്പെടുത്തി കിട്ടുന്നതിനായുള്ള ഡെസ്റ്റിനേഷൻ റേറ്റിംഗ് എന്ന ഒരു പദ്ധതി തിരുവനന്തപുരം ഡിറ്റിപിസി നടപ്പിലാക്കി വരുന്നു . വിനോദസഞ്ചാര കേന്ദ്രങ്ങളിലെ പ്രവേശനഫീസ് , റൈഡുകൾ, ഭക്ഷണ സാധനങ്ങളുടെ വിലവിവരപട്ടിക, മറ്റ് താരിഫുകൾ എന്നിവയൊക്കെ വ്യക്തമാക്കിക്കൊണ്ട് ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട് . വിനോദസഞ്ചാര കേന്ദ്രങ്ങളിലെ ജീവനക്കാരോട് സഞ്ചാരികളുമായി വളരെ സുതാര്യതയോടും മാതൃകാപരമായും പെരുമാറാൻ നിർദ്ദേശവും നൽകിയിട്ടുണ്ട് . |
| (സി) | വിനോദസഞ്ചാരികൾക്ക് മാതൃകാപരമായ പെരുമാറ്റം ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടുണ്ടോ; | (സി) | (ബി) പിരിവിന്റെ അതേ ഉത്തരം |
| (ഡി) | ഓട്ടോറിക്ഷാ തൊഴിലാളികൾ ഉൾപ്പെടെയുള്ളവർക്ക് പരിശീലനം നൽകി വിനോദസഞ്ചാര പ്രചാരകരാക്കാൻ പ്രഖ്യാപിച്ചിട്ടുള്ള പദ്ധതി പ്രാവർത്തികമായിട്ടുണ്ടോ; വ്യക്തമാക്കുമോ? | (ഡി) | ഓട്ടോറിക്ഷാ തൊഴിലാളികൾ അടക്കമുള്ളവർക്ക് പരിശീലനം നൽകി വിനോദസഞ്ചാര പ്രചാരകരാക്കുന്നതിന്റെ ആദ്യ പടി എന്ന നിലയിൽ ദേശീയ ടൂറിസം ദിനാഘോഷങ്ങളുടെ ഭാഗമായി വയനാട് ജില്ലയിൽ ജനുവരി 25 ന് പ്രധാന ടൂറിസം കേന്ദ്രങ്ങളായ വൈത്തിരി , സുൽത്താൻ ബത്തേരി , അമ്പലവയൽ എന്നീ പഞ്ചായത്തുകളിലെ ഓട്ടോറിക്ഷാ തൊഴിലാളികൾക്ക് ടൂറിസം വകുപ്പിന്റെയും ഡിറ്റിപിസിയുടെയും സഹകരണത്തോടെ ടൂറിസവുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളിൽ പരിശീലനം നൽകുകയുണ്ടായി . വിനോദസഞ്ചാര കേന്ദ്രങ്ങൾ സന്ദർശിക്കുന്ന സഞ്ചാരികൾക്ക് മികച്ച അനുഭവം ഉറപ്പുവരുത്തി ഓട്ടോറിക്ഷാ തൊഴിലാളികളെ ടൂറിസം പ്രചാരകരാക്കി മാറ്റുക എന്നതാണ് ഈ പരിശീലന പരിപാടിയിലൂടെ ലക്ഷ്യമിടുന്നത് . |

സെക്ഷൻ ഓഫീസർ